**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *499** — **23.03.2018- ൽ മറുപടിക്ക്**

## സ്വകാര്യ ആശുപത്രി നഴ്സുമാരുടെ ശമ്പള പരിഷ്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. ജോർജ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ശമ്പള പരിഷ്കരണം ഉൾപ്പെടെയുള്ള ഉറപ്പുകൾ ഈ സർക്കാർ പാലിയ്ക്കാത്തതുമൂലം സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ കൂട്ട അവധിയെടുത്ത് പ്രതിഷേധിക്കുവാൻ തീരുമാനിച്ചതായി തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം സംബന്ധിച്ച അന്തിമ വിജ്ഞാപനം സമയബന്ധിതമായി പുറപ്പെടുവിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) നഴ്സുമാർക്ക് അർഹമായ ശമ്പളം നൽകാതെ കഷ്ടപ്പെടുത്തുന്ന സ്വകാര്യ ആശുപത്രികൾക്കെതിരെ തൊഴിൽ വകുപ്പിന് എന്തൊക്കെ നിയമനടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ; | (സി) സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ, ക്ലെയിം പെറ്റിഷൻ എന്നിവ ഫയൽ ചെയ്ത് നിയമ ലംഘനത്തിനെതിരെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് |
| (ഡി) 2017 ജൂലൈ മാസത്തിൽ ശമ്പള പരിഷ്കരണം നടപ്പാക്കുമെന്ന് നഴ്സുമാർക്ക് സർക്കാർ ഉറപ്പ് നൽകിയെങ്കിലും ഇത് നടപ്പാക്കാനാവാത്തത് എന്തുകൊണ്ടാണ് എന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള കരട് വിജ്ഞാപനം 16/11/2017 ൽ തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്.ടി വിജ്ഞാപനം സംബന്ധിച്ച് ലഭ്യമായ അഭിപ്രായങ്ങളുടെയും ആക്ഷേപങ്ങളുടെയും അടിസ്ഥാനത്തിൽ അന്തിമ വിജ്ഞാപനത്തിനായുള്ള ശുപാർശ സമർപ്പിക്കുന്നതിനായി മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സമിതി ആയതിന്മേൽ ത്വരിതഗതിയിൽ നടപടികൾ സ്വീകരിച്ചുവരുകയാണ്. |

സെക്ഷൻ ഓഫീസർ